# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് അറുപത്തിനാല്

## ജീവന്റെ പ്രമാണം

### നമ്മുടെ ആന്തരിക ഭാഗങ്ങളിലേക്കു വ്യാപിക്കുന്നു

### വേദപുസ്തകത്തിലെ ദിവ്യ വെളിപാടിന്റെ അടിസ്ഥാന ആശയം

ജീവപ്രമാണത്തെ നാം പൂർണ്ണമായി മനസ്സിലാക്കുകയും ഗ്രഹിക്കുകയും ചെയ്യണമെങ്കിൽ, വേദപുസ്തകത്തിലെ ദിവ്യവെളിപാടിന്റെ അടിസ്ഥാന ആശയം നാം മനസ്സിലാക്കണം. വേദപുസ്തകത്തിലെ അടിസ്ഥാനവും കേന്ദ്രീയവുമായ ആശയം, നമ്മെ ദൈവത്തിന്റെ ജീവനുള്ള ആവിഷ്കാരമാക്കേണ്ടതിന് അവനെത്തന്നെ നമ്മിലേക്കു പണിതുചേർക്കുക എന്നതാണ്. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം ദൈവത്തിൽനിന്നു ജനിക്കുകയും, അവൻ അവരുടെ ജീവനായി ഉണ്ടായിരിക്കുകയും അങ്ങനെ അവന്റെ ആവിഷ്കാരമായിത്തീരുകയും ചെയ്യേണ്ടതിന് അവരിലേക്ക് അവനെത്തെന്നെ പണിതുചേർക്കുക എന്നതാണ് ദൈവത്തിന്റെ ആഗ്രഹം. ഇതാണ് ദൈവത്തിന്റെ ആഗ്രഹവും ഉദ്ദേശ്യവും. ഇങ്ങനെയുള്ള ജീവിക്കുന്ന ഒരു ആവിഷ്കാരം ദൈവത്തിന് ഉണ്ടായിരിക്കാനുള്ള ഏകമാർഗം നമ്മിലേക്ക് അവനെത്തന്നെ പണിതുചേർക്കുക എന്നതാണ്. ഈ അടിസ്ഥാന ആശയം വേദപുസ്തകത്തിലുടനീളം കണ്ടെത്താമെങ്കിലും, അടിസ്ഥാനപരമായ ക്രിസ്തുമതത്താൽ അത് ഏറെക്കുറെ നഷ്ടമായിരിക്കുന്നു. അടിസ്ഥാനപരമായ ക്രിസ്തുമതം മുഖ്യമായും വീണ്ടെടുപ്പിന് ഊന്നൽ നൽകുന്നു. എന്നാൽ വീണ്ടെടുപ്പല്ല ലക്ഷ്യം; അത് ലക്ഷ്യത്തിലെത്താനുള്ള ഒരു മാർഗം, ഒരു പ്രക്രിയയാണ്. നാം ദൈവത്തിൽനിന്നു ജനിക്കേണ്ടതിനും അവൻ നമ്മുടെ ജീവനായിത്തീരേണ്ടതിനും നമ്മുടെ ആളത്തത്തിലേക്ക് ദൈവം പണിതുചേർക്കപ്പെടുക എന്നതാണ് ലക്ഷ്യം. അവൻ നമ്മുടെ പിതാവും നാം അവന്റെ പുത്രന്മാരുമാണ്. അവന്റെ പുത്രന്മാരെന്ന നിലയിൽ നമ്മുടെ ജീവനായി നമ്മിൽ എല്ലാവരിലും അവനുണ്ട്. ഒടുവിൽ നമ്മെ പ്രപഞ്ചത്തിൽ അവന്റെ ജീവനുള്ള

ആവിഷ്ക്കാരമാക്കിക്കൊണ്ട്, ഈ ജീവൻ നമ്മെ രൂപാന്തരപ്പെടുത്തുകയും അവന്റെ അതേ സ്വരൂപത്തിലേക്ക് നമ്മെ അനുരൂപപ്പെടുത്തുകയും ചെയ്യും.

ഈ അടിസ്ഥാന ആശയം ഏറെക്കുറെ നഷ്ടപ്പെട്ടുവെങ്കിലും ഇപ്പോൾ, ഈ അവസാന നാളുകളിൽ അവന്റെ വചനത്തിൽ ഈ വിഷയം നമുക്ക് തുറന്നു തന്നതിനായി നാം കർത്താവിന് നന്ദി പറയുന്നു. നാൽപതിലധികം വർഷങ്ങളായി, ദൈവജനത്തിലേക്ക് ഈ അടിസ്ഥാന ആശയം ശുശ്രൂഷിക്കുവാൻ ഞങ്ങൾ ഭാരപ്പെടുകയായിരുന്നു. ഇക്കാരണത്തിനാണ് നാം ദൈവദൂഷണം ഉപദേശിക്കുന്നുവെന്നും, വേദപുസ്തകത്തിനനുസരിച്ചല്ല നാം പ്രസംഗിക്കുകയും ഉപദേശിക്കുകയും ചെയ്യുന്നതെന്നും തെറ്റായി ആരോപിക്കപ്പെടുന്നത്. വേദപുസ്തകത്തെക്കുറിച്ചുള്ള അവരുടെ അറിവ് കുറവുള്ളതും അപര്യാപ്തമായതുകൊണ്ടുമാണ് നമ്മെ എതിർക്കുന്നവർ ഇങ്ങനെ പറയുന്നത്. അല്പം അറിവ് ആപൽക്കരമാണ്, കാരണം അത് ജനത്തെ ഹ്രസ്വദൃഷ്ടരാക്കി അവരെ കൊല്ലുകപോലും ചെയ്യുന്നു. അവന്റെ കരുണയിൻകീഴിൽ തിരുവെഴുത്തുകളിലെ അടിസ്ഥാന വെളിപാട് നാം കണ്ടിരിക്കുന്നതിനായി നാം ദൈവത്തെ സ്തുതിക്കുന്നു. ഇത് കേവലം വീണ്ടെടുപ്പിന്റെ ഒരു വിഷയമല്ല. അല്ല, അത് ഇതിനെക്കാൾ ആഴമുള്ളതും ഉന്നതുവുമായ ഒന്നാണ്. നമുക്ക് ദൈവത്തിന്റെ ജീവൻ ഉണ്ടായിരിക്കുന്നതിനും, നാം അവനുമായി ഒന്നായിരിക്കുന്നതിനും, അവൻ നാമുമായി ഒന്നായിരിക്കുന്നതിനും ദൈവം ഇപ്പോൾ അവനെത്തന്നെ നമ്മിലേക്കു പണിതുകൊണ്ടിരിക്കുന്നു.

## ദൈവപുത്രൻ ജീവനായി നമ്മിലേക്കു വരുന്നു

നാം അവനിൽനിന്നു ജനിക്കുവാൻ ഇടയാക്കിക്കൊണ്ട്, നമ്മിലേക്കു വരുന്നതിലൂടെയുള്ള മാർഗത്തിലാണ് ദൈവം തന്റെ ഉദ്ദേശ്യം നിറവേറ്റുന്നതെന്ന് ഞാൻ പിന്നെയും പറയുന്നു. നാം അവനിൽനിന്നു ജനിക്കേണ്ടതിന്, ദൈവം പുത്രനായ യേശു ക്രിസ്തുവിൽ നമ്മിലേക്കു വരുന്നു. ദൈവപുത്രനും ദൈവം തന്നെയുമായ യേശു ക്രിസ്തു ദൈവത്തിന്റെ സ്വരൂപമാണ്. ക്രിസ്തു അദൃശ്യനായ ദൈവത്തിന്റെ സ്വരൂപമാണെന്ന് കൊലൊസ്സ്യർ 1:15 പറയുന്നു. പുത്രൻ പിതാവിന്റെ സ്വരൂപം, ആവിഷ്ക്കാരം, ആണ്. അങ്ങനെ, നിങ്ങൾ പുത്രനെ കാണുമ്പോൾ പിതാവിനെ കാണുന്നു. നാം അവനിൽ വിശ്വസിച്ച നിമിഷംതന്നെ ദൈവപുത്രൻ നമ്മിലേക്കു വന്നു. അവൻ നമുക്ക് ചിലതു തന്നു എന്നല്ല ഇത് അർഥമാക്കുന്നത്; അവൻതന്നെ നമ്മിലേക്കു വന്നു എന്നാണ് ഇത് അർഥമാക്കുന്നത്. നാം കർത്താവായ യേശു ക്രിസ്തുവിൽ വിശ്വസിച്ചപ്പോൾ ദൈവം തന്റെ ജീവൻ നമുക്കു തന്നു എന്ന ധാരണയെ നാം വിട്ടുകളയേണ്ടതുണ്ട്. ഈ ധാരണ

ശരിയല്ല. നാം കർത്താവായ യേശുവിൽ വിശ്വസിച്ചപ്പോൾ സ്വർഗത്തിലെ ദൈവം നമുക്ക് ചിലതു നൽകുകയും അതിനെ നമ്മിലേക്കു വയ്ക്കുകയും ചെയ്തു എന്നല്ല. അല്ല, നാം കർത്താവായ യേശുവിൽ വിശ്വസിക്കുകയും ദൈവംതന്നെയായ ദൈവപുത്രൻ നമ്മിലേക്കു ജീവനായി വരുകയും ചെയ്തു. ദൈവം നമുക്ക് തന്റെ ജീവനെ നൽകുകയായിരുന്നില്ല; അവൻ ജീവനായി നമ്മിലേക്കു വരുകയായിരുന്നു. ഇത് എത്ര വ്യത്യാസമാണ്!

ദൈവം നമ്മിലേക്കു വന്നപ്പോൾ, അവൻ പിതാവായല്ല, പുത്രനിലും പുത്രനായും വരുന്നു. ഇതിൽ ത്രിത്വം ഉൾപ്പെടുന്നു. ഈ ഘട്ടത്തിലാണ് നാം ദൈവദൂഷണം ഉപദശിക്കുന്നു എന്ന് ആരോപിക്കപ്പെടുന്നത്. നാം ദൈവദൂഷണം ഉപദേശിക്കുന്നില്ല, ദൈവത്തിന്റെ നിർമല വചനമനുസരിച്ച് സത്യം സംസാരിക്കുന്നു. നമ്മുടെ ആളത്തത്തിലേക്കു വന്ന വ്യക്തി ദൈവം തന്നെയാണ്. എന്നാൽ അവൻ നമ്മിലേക്കു വരുമ്പോൾ അവൻ പിതാവായല്ല പുത്രനായാണ് വരുന്നത്. പിതാവ് ഉറവിടവും, പുത്രൻ ഉറവിടത്തിന്റെ ആവിഷ്കാരവും ആണ്. ആവിഷ്കാരവും ഉറവിടവും ഒന്നാണ്.

## ആദ്യജാതനായ പുത്രനും അനേകം പുത്രന്മാരും

ദൈവം പുത്രനായി നമ്മുടെ ആളത്തത്തിലേക്കു വരുന്നതുകൊണ്ട്, നാം പുത്രനിൽ ദൈവത്തിൽനിന്നു ജനിക്കുകയും പുത്രത്വം ഉണ്ടായിരിക്കുകയും ചെയ്യുന്നു. നാം എല്ലാവരും ദൈവപുത്രന്മാരായിത്തീർന്നുവെന്ന് ഇത് അർഥമാക്കുന്നു. നാം കേവലം രക്ഷിക്കപ്പെട്ട പാപികളല്ല, ദൈവത്തിൽനിന്നു ജനിച്ച പുത്രന്മാരും ആണ്. ഇതൊരു ചെറിയ കാര്യമല്ല. യേശു ക്രിസ്തു മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേൽക്കുന്നതിനുമുമ്പ് ദൈവത്തിന് ഒരു പുത്രൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ, അവനെ വേദപുസ്തകം ഏകജാതനായ പുത്രൻ എന്നു വിളിക്കുന്നു (യോഹ. 3:16). അവന്റെ പുനരുത്ഥാനത്തിനു മുമ്പ് ക്രിസ്തു ദൈവത്തിന്റെ നിസ്തുല പുത്രനായിരുന്നു. എന്നാൽ അവന്റെ പുനരുത്ഥാനത്തിനുശേഷം അവൻ ഇനി ദൈവത്തിന്റെ നിസ്തുലനായ ഏകജാതനായ പുത്രനല്ല, പുനരുത്ഥാനത്തിൽ അവൻ അനേകം സഹോദരന്മാരിൽ ആദ്യജാതനായിത്തീർന്നു (റോമ. 8:29).

ദൈവത്തിന് എത്ര പുത്രന്മാരുണ്ട്? ഒരുവശത്ത് യോഹന്നാൻ 3:16 ഏകജാതനായ പുത്രനെക്കുറിച്ചു സംസാരിക്കുന്നു. എന്നാൽ എബ്രായർ 2:10 പറയുന്നത് ദൈവം അനേകം പുത്രന്മാരെ തേജസ്സിലേക്കു നടത്തുന്നു എന്നാണ്. കൂടാതെ, ക്രിസ്തു അനേകം സഹോദരന്മാരിൽ ആദ്യജാതനാണെന്ന് റോമർ 8:29 പറയുന്നു. ദൈവത്തിന് രണ്ടുതരം പുത്രന്മാരുണ്ടോ? ഇല്ല,

അവന് ഒരു തരമേയുള്ളൂ. ചൈനയിൽ, ഫൂക്കിനീസുകാർ അനേകം പുത്രന്മാരുണ്ടായിരിക്കുവാൻ ഇഷ്ടപ്പെടുന്നു. ധാരാളം പുത്രന്മാരെ ജനിപ്പിക്കുവാൻ അവർക്കു കഴിയില്ലെങ്കിൽ, അവർ ചിലരെ വിലെക്കു വാങ്ങും. ഒരുവൻ രണ്ടു പുത്രന്മാരെ മാത്രം ജനിപ്പിക്കുകയും, പിന്നീട് പത്തു പുത്രന്മാരെക്കൂടി വിലെക്കു വാങ്ങുകയും ചെയ്യുന്നു, അങ്ങനെ അവന് പന്ത്രണ്ടു പുത്രന്മാരുണ്ട്. എന്നാൽ ഈ പന്ത്രണ്ടു പുത്രന്മാർ, ജനിച്ച പുത്രന്മാരും വിലെക്കു വാങ്ങിയ പുത്രന്മാരും എന്ന രണ്ടു തരത്തിലുള്ളവരാണ്. അവന്റെ രണ്ടു പുത്രന്മാർ മാത്രമാണ് ജീവനിലുള്ള പുത്രന്മാരെന്നും മറ്റു പത്തുപേർ പേരിനു മാത്രം പുത്രന്മാരുമാണെന്ന് ഈ മനുഷ്യന് അവന്റെ ഹൃദയത്തിന്റെ ആഴത്തിൽ അനുഭൂതിയുണ്ടാകുന്നു. ഏകജാതനായ പുത്രൻ ഒരു തരവും, അനേകം പുത്രന്മാർ എന്ന മറ്റൊരു തരവുമെന്ന നിലയിൽ ദൈവത്തിന് രണ്ടു തരം പുത്രന്മാരുണ്ടോ? ഇല്ല, ദൈവത്തിന് ഒരു തരത്തിലുള്ള പുത്രൻ മാത്രമേ ഉള്ളുവെന്നു തെളിയിച്ചുകൊണ്ട്, ആദ്യജാതനായ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതനായിത്തീർന്നുവെന്ന് വേദപുസ്തകം വെളിപ്പെടുത്തുന്നു. ആദ്യജാതൻ ദൈവത്തിന്റെ പുത്രനാണ്, അനേകം പുത്രന്മാരും ദൈവത്തിന്റെ പുത്രന്മാരാണ്. ആദ്യജാതനായ പുത്രനും അനേകം പുത്രന്മാരുമെല്ലാം ഒരേ പിതാവിൽ നിന്നുള്ളവരാണ് (എബ്രാ. 2:11).

Wed

## ക്രിസ്തു നമ്മുടെ മനസ്സിലേക്കും, വികാരത്തിലേക്കും, ഇച്ഛയിലേക്കും പരക്കുന്നതിനുള്ള ആവശ്യം

ദൈവത്തിന് ഒരു തരത്തിലുള്ള പുത്രൻ മാത്രമേ ഉള്ളൂ എന്നു പറയുന്നതിലൂടെ, അനേകം പുത്രന്മാർ യേശു ക്രിസ്തുവിനെപ്പോലെ തന്നെയാണെന്നാണോ നാം പറയുന്നത്? ദൈവത്തിന് ഒരു തരത്തിലുള്ള പുത്രൻ മാത്രം ഉണ്ടായിരിക്കുകയും, നാം ദൈവത്തിന്റെ പുത്രന്മാരുമാണെങ്കിൽ, അപ്പോൾ നാം യേശു ക്രിസ്തുവിനെപ്പോലെ തന്നെയല്ലേ? നമുക്കെങ്ങനെ ഈ ചോദ്യത്തിന് ഉത്തരം പറയുവാൻ കഴിയും? നിങ്ങൾ ദൈവപുത്രനായ യേശു ക്രിസ്തുവിനെപ്പോലെ തന്നെയാണോ? യേശു ക്രിസ്തു നമ്മുടെ ആത്മാവിലേക്കു വന്നിരിക്കുന്നു (2 തിമൊ. 4:22; 1 കൊരി. 6:17). നമ്മുടെ ആത്മാവിനൊത്തവണ്ണം നാം ക്രിസ്തുവിനെപ്പോലെ തന്നെയാണ്. എന്നാൽ, ഒരു മനുഷ്യനെന്ന നിലയിൽ മനസ്സും വികാരവും ഇച്ഛയും ചേർന്ന ഒരു ദേഹി നമുക്കുണ്ട്. നമ്മുടെ ആത്മാവിൽ നാം ദൈവപുത്രനെപ്പോലെയാണെങ്കിലും, നമ്മുടെ മനസ്സിലും വികാരത്തിലും ഇച്ഛയിലും ഇപ്പോഴും നാം അവനെപ്പോലെ ആയിട്ടില്ല.

നമ്മിൽ ദൈവപുത്രൻ ഉള്ളത് ഭാഗികമായല്ല, മുഴുവനായാണ്. ദൈവപുത്രൻ എന്ന സമ്പൂർണ വ്യക്തി നമ്മിൽ ഉണ്ട്. അവൻ

അവനെത്തന്നെ കഷ്ണങ്ങളാക്കി അവന്റെ ഒരു ചെറിയ കഷ്ണം നമ്മിലേക്ക് വയ്ക്കുകയല്ല ചെയ്യുത്. ദൈവപുത്രനായ ക്രിസ്തു മുഴുവനായ, തികഞ്ഞ വ്യക്തിയായി നമ്മിലേക്കു വന്നു. ക്രിസ്തു എന്ന മുഴുവൻ വ്യക്തി നമ്മുടെ ആത്മാവിലുണ്ടെങ്കിലും തുടർച്ചയായി എപ്പോഴും നമ്മുടെ ചിന്ത നമ്മുടെ ആത്മാവിലുള്ള ക്രിസ്തുവിനോടുകൂടെയല്ല, നമ്മുടെ മ്ലേച്ഛമായ മനസ്സിനോടുകൂടെയാണ് ഉത്ഭവിക്കുന്നത്. ഒരുപക്ഷേ ഇന്നുപോലും, "ആ സഹോദരനെ എനിക്ക് ഇഷ്ടമല്ല. അവനെ ഒഴിവാക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്യണം" എന്നു പറഞ്ഞുകൊണ്ട് നിങ്ങൾ ഒരു സഹോദരനെക്കുറിച്ച് ചിന്തിക്കുകയായിരുന്നു. എന്നാൽ അവൻ ഒരു സഹോദരൻ ആയിരിക്കുന്നിടത്തോളം, അവൻ നല്ലതോ ചീത്തയോ ആയിരുന്നാലും, അവനെ ഇഷ്ടപ്പെടുന്നില്ലെന്ന് നിങ്ങൾ പറയരുത്. ഈ ചിന്ത നിങ്ങളുടെ ആത്മാവിലുള്ള ക്രിസ്തുവിൽനിന്നല്ല, നിങ്ങളുടെ മ്ലേച്ഛമായ മനസ്സിൽനിന്നു വരുന്നു.

നിങ്ങളുടെ വികാരത്തിന്റെ കാര്യം എങ്ങനെയാണ്? നിങ്ങൾ സ്നേഹിക്കുമ്പോൾ ദൈവപുത്രൻ ഇരിക്കുന്നിടമായ നിങ്ങളുടെ ആത്മാവിൽനിന്നാണോ നിങ്ങൾ സ്നേഹിക്കുന്നത്, അതോ നിങ്ങളുടെ വികാരത്തിൽനിന്നാണോ നിങ്ങൾ സ്നേഹിക്കുന്നത്? ഞാൻ ചോദിക്കുന്നത് നിങ്ങൾ എന്തിനെ സ്നേഹിക്കുന്നു എന്നല്ല, എവിടെനിന്നു സ്നേഹിക്കുന്നു എന്നാണ്—നിങ്ങളുടെ സ്വാഭാവിക വികാരത്തിൽനിന്നാണോ അതോ ഉൾവസിക്കുന്ന ക്രിസ്തുവിൽനിന്നാണോ? നാം ക്രിസ്തുവിനെപ്പോലെ ദൈവത്തിന്റെ പുത്രന്മാരാണെങ്കിൽ, പിന്നെ എന്തുകൊണ്ടാണ് നമ്മുടെ വികാരം അവന്റേതിൽനിന്നും വ്യത്യസ്തമായിരിക്കുന്നത്? അത് ക്രിസ്തു നമ്മുടെ ആത്മാവിൽ മാത്രം ഉള്ളതുകൊണ്ടാണ്. അവൻ നമ്മുടെ വികാരത്തിലേക്ക് വ്യാപിച്ചിട്ടില്ല, അങ്ങനെ നമ്മുടെ വികാരം ഇപ്പോഴും അവനിൽനിന്നും സ്വതന്ത്രമാണ്.

നമ്മുടെ ഇച്ഛയെക്കുറിച്ച് നമുക്ക് നോക്കാം. നിങ്ങളുടെ ഇച്ഛ വന്യമോ മെരുങ്ങിയതോ ആയാലും, അപ്പോഴും അത് നിങ്ങളുടെ ഇച്ഛയാണ്. നിങ്ങൾ ഷോപ്പിംഗിനു പോകുമ്പോൾ, നിങ്ങളുടെ ഷോപ്പിംഗിനു പോകുന്നതിന്റെ ഉറവിടം പരിശോധിക്കണം. ഉറവിടം നിങ്ങളുടെ ആത്മാവിൽ അധിവസിക്കുന്ന ക്രിസ്തു ആണോ, അതോ നിങ്ങളുടെതന്നെ സ്വാഭാവിക ഇച്ഛയാണോ? സഹോദരിമാരേ, നിങ്ങൾ ഷോപ്പിംഗിനു പോകുവാൻ തീരുമാനിക്കുമ്പോൾ എത്ര പ്രാവശ്യമാണ് നിങ്ങൾ ക്രിസ്തുവിൽനിന്നു തീരുമാനിക്കുന്നതും നിങ്ങളുടെ ഇച്ഛയിൽനിന്നു തീരുമാനിക്കുന്നതും? പത്തു പ്രാവശ്യത്തിൽ ഒരുപക്ഷേ കഷ്ടിച്ച് ഒരിക്കൽ, ഉൾവസിക്കുന്ന ക്രിസ്തുവിൽനിന്നു ഷോപ്പിംഗിനു പോകുവാൻ നിങ്ങൾ തീരുമാനിച്ചിട്ടുണ്ടാകാം. ഷോപ്പിംഗിനുള്ള നിങ്ങളുടെ പോക്ക് നിർമലമല്ല എന്ന് ഇതു കാണിക്കുന്നു. അതൊരു കലർപ്പാണ്, മിക്കപ്പോഴും

നിങ്ങളുടെ സ്വന്തം ഇച്ഛയിൽനിന്നു വരുന്നു. എല്ലാ ദിവസവും നിങ്ങൾ എടുക്കുന്ന തീരുമാനങ്ങളെക്കുറിച്ച് എങ്ങനെയാണ്? എത്ര പ്രാവശ്യം ക്രിസ്തുവിനാൽ നിങ്ങൾ തീരുമാനമെടുക്കുകയും നിങ്ങളുടെ സ്വന്തം ഇച്ഛയാൽ എടുക്കാതിരിക്കുകയും ചെയ്യുന്നു? ദൈവത്തിന്റെ ഒരു പുത്രനെന്ന നിലയിൽ നിങ്ങളുടെ തീരുമാനങ്ങളുടെ ഉറവിടം എന്താണ്—ക്രിസ്തുവാണോ അതോ നിങ്ങളുടെ സ്വന്തം ഇച്ഛയാണോ? നല്ലതും ചീത്തയുമായിരിക്കുന്നതിനെക്കുറിച്ചോ മതപരമായ എന്തിനെയെങ്കിലുംകുറിച്ചോ അല്ല ഞാൻ പറയുന്നത്. ദൈവപുത്രൻ ഇരിക്കുന്നിടമായ നിങ്ങളുടെ ആത്മാവിൽനിന്നാണോ, അതോ നിങ്ങളുടെ സ്വന്തം ഇച്ഛയിൽനിന്നാണോ നിങ്ങൾ തീരുമാനമെടുക്കുന്നത് എന്നാണ് ഞാൻ ചോദിക്കുന്നത്. നാം ദൈവത്തിന്റെ പുത്രന്മാരാണെങ്കിലും, മിക്കവാറുമുള്ള നമ്മുടെ തീരുമാനങ്ങൾ നമ്മുടെ ആത്മാവിലുള്ള ദൈവപുത്രനായ യേശു ക്രിസ്തുവിൽനിന്നല്ല, നമ്മുടെ ഇച്ഛയിൽനിന്നു എടുക്കുന്നതാണെന്ന് നാം സമ്മതിച്ചേ മതിയാകൂ. യോഗങ്ങളിൽ നാം ഗീതങ്ങൾ ആലപിക്കുമ്പോൾ നാം ഒരു വഴി എടുക്കുന്നു, എന്നാൽ നമ്മുടെ പ്രായോഗിക ജീവിതത്തിൽ തീരുമാനങ്ങളെടുക്കുമ്പോൾ നാം മറ്റൊരു വഴി, ക്രിസ്തു അല്ലാത്ത മറ്റൊരു ഉറവിടം ഉപയോഗിക്കുന്ന വഴി എടുക്കുന്നു. അതുകൊണ്ട്, നമ്മുടെ ആത്മാവിൽ ക്രിസ്തു ഉണ്ടെങ്കിലും, നമുക്ക് ദൈവത്തെ ആവിഷ്കരിക്കുവാൻ കഴിയുകയില്ല, കാരണം ക്രിസ്തു നമ്മുടെ ഉള്ളിൽ തടങ്കലിലാക്കപ്പെട്ടിരിക്കുന്നു. നമ്മിലേക്കു വന്നതിനുശേഷം അവൻ നമ്മുടെ ഉള്ളിൽ തടവിലാടക്കപ്പെട്ടിരിക്കുന്നു, കാരണം നമ്മുടെ ആത്മാവിൽനിന്നും വ്യാപിക്കുവാൻ അവന് സ്വാതന്ത്ര്യമില്ല.

## ജീവപ്രമാണത്തിന്റെ അർഥം

ഇത് നമ്മെ വീണ്ടും ജീവപ്രമാണത്തിലേക്കു കൊണ്ടവരുന്നു. ജീവപ്രമാണം ക്രിസ്തു തന്നെയാണെന്ന് കഴിഞ്ഞ ദൂതിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. നമ്മുടെ ആത്മാവിൽ വസിക്കുന്ന ക്രിസ്തുവാണ് നമ്മുടെ ജീവൻ. അപ്പോൾ ജീവപ്രമാണം എന്താണ്? അത് ജീവൻ പ്രവർത്തിക്കുന്നതാണ്. ജീവൻ മാറ്റമില്ലാത്ത, സ്വയം പ്രവർത്തിക്കുന്ന ഒരു നിയന്ത്രണമാണ്. നിങ്ങൾ അന്തരീക്ഷത്തിലേക്ക് ഒരു സാധനം എറിയുമ്പോഴെല്ലാം ആ സാധനം നിലത്തു വീഴും. ഇത് ഗുരുത്വാകർഷണ പ്രമാണമാണ്, അത് മാറ്റമില്ലാത്ത, സ്വയംപ്രവർത്തിക്കുന്ന പ്രമാണമാണ്.

ഏതു ജീവനും അതിന്റേതായ പ്രമാണമുണ്ട്. ഒരു ആപ്പിൾവൃക്ഷത്തിന്റെ ഉദാഹരണം ഞാൻ പലപ്പോഴും ഉപയോഗിച്ചിട്ടുണ്ട്. നിങ്ങളുടെ വീട്ടുവളപ്പിൽ നിങ്ങൾക്ക് ഒരു ആപ്പിൾവൃക്ഷമുണ്ടെങ്കിൽ, അത് നിങ്ങൾക്ക് തണ്ണിമത്തൻ ഉല്പാദിപ്പിക്കുമെന്ന് നിങ്ങൾ ആശങ്കപ്പെടുകയോ ഇപ്രകാരം പറയുകയോ ചെയ്യേണ്ട ആവശ്യമില്ല,

"ഞാൻ ആപ്പിളിന്റെ രൂപവും ഭംഗിയും ഇഷ്ടപ്പെടുന്നു. ഇത് എനിക്ക് തണ്ണിമത്തൻ കായ്ക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. ഈ വൃക്ഷത്തിന്റെ ഫലം ഒരു ആപ്പിളിന്റെ രൂപമില്ലാത്തതായി രിക്കും എന്ന് ഞാൻ ആശങ്കപ്പെടുന്നതിനാൽ ഞാൻ ആപ്പിളിന്റെ രൂപത്തിൽ കുറെ അച്ചുകളുണ്ടാക്കി വൃക്ഷത്തിന്റെ കൊമ്പുകളിൽ വയ്ക്കുകയും, ഈ അച്ചിന്റെ രൂപത്തിൽ ഉണ്ടാക്കുവാനും അതിന്റെ രൂപം മാറ്ററുതെന്നും വൃക്ഷത്തോടു കല്പിക്കുകയും ചെയ്യും." ഇങ്ങനെ ചെയ്യുന്നത് പരിഹാസ്യമാണ്. എന്നാൽ ഇതാണ് കൃത്യമായും ക്രിസ്തുമതം ചെയ്യുന്നത്. ക്രിസ്തുമതത്തിലെ ശുശ്രൂഷകന്മാരും ഉപദേഷ്ടാക്കന്മാരും അച്ചുകൾ ഉണ്ടാക്കുകയും, അവയെ ജനത്തിന്റെമേൽ വയ്ക്കുകയും, ചില പ്രത്യേക രീതിയിൽ ജീവിക്കുവാൻ അവരോട് ആജ്ഞാപിക്കുകയും ചെയ്യുന്നു. ഇത് ഭോഷത്വമാണ്. ഇത് നിങ്ങൾ ഒരു ആപ്പിൾവൃക്ഷത്തോടു ചെയ്യെങ്കിൽ, ആപ്പിൾവൃക്ഷത്തിന് സംസാരിക്കുവാൻ കഴിയുമെങ്കിൽ അതു പറയും, "നിന്റെ അച്ചുകൾ എന്നിൽനിന്ന് എടുത്തു മാറ്റുക. ബാഹ്യമായ യാതൊരു നിയന്ത്രണവും എനിക്ക് ആവശ്യമില്ല. എനിക്ക് ജീവനുള്ള ഒരു നിയന്ത്രണമുണ്ട്, അതിനാൽ ഞാൻ വളരുകയും ആപ്പിളിന്റെ രൂപത്തിലുള്ള ഫലം കായ്ക്കുകയും ചെയ്യുന്നു. ജീവൻ ഫലത്തിന്റെ ആകൃതി രൂപപ്പെടുത്തും." ഇതൊരു പ്രമാണമാണ്. എല്ലാ വർഷവും ആപ്പിൾ വൃക്ഷം ആപ്പിളിന്റെ ആകൃതിയിൽ ഫലം ഉല്പാദിപ്പിക്കുന്നു. ഏതൊരു വൃക്ഷത്തിന്റെ കാര്യവും ഇങ്ങനെയാണ്. ആപ്പിൾജീവന് ആപ്പിൾപ്രമാണമുണ്ട്. ഒരു ആപ്പിൾവൃക്ഷം വളരുമ്പോൾ അത് സ്വതവേ ആപ്പിളിന്റെ ആകൃതിയിൽ ഫലം ഉല്പാദിപ്പിക്കുന്നു. ഇത് ഒരു ആപ്പിൾവൃക്ഷത്തിലെ ജീവനിലുള്ള പ്രമാണത്തിന്റെ നിയന്ത്രണത്തിന്റെ ഫലമാണ്. എന്നാൽ ഈ വിഷയം ക്രിസ്തുമതത്തിൽ നഷ്ടപ്പെട്ടിരിക്കുന്നു.

## ഉപദേശങ്ങളുടെ ആവശ്യമില്ല

ആരും നമ്മെ ഉപദേശിക്കേണ്ട ആവശ്യമില്ലെന്ന് യിരെമ്യാവ് 31:33-34-ലും എബ്രായർ 8:10-11-ലും നമ്മോടു പറഞ്ഞിട്ടുണ്ട്. ആപ്പിൾ കായ്ക്കുവാൻ ഒരു ആപ്പിൾവൃക്ഷത്തോട് ഉപദേശിക്കുവാൻ നിങ്ങൾ ശ്രമിക്കുമെങ്കിൽ വൃക്ഷം പറയും, "നിന്നെപ്പോലെ മൂഢൻ വേറെ ആരുമില്ല. നിനക്ക് എന്നെ ഉപദേശിക്കുവാൻ കഴിയുകയില്ല. പോരാത്തതിന്, എനിക്ക് നിന്റെ ഉപദേശത്തിന്റെ ആവശ്യവുമില്ല." ഈ രാജ്യത്തിലേക്ക് വന്നതു മുതൽ, പ്രത്യേകിച്ചും ഞാൻ ഇവിടെയായിരുന്ന ആദ്യത്തെ രണ്ടു വർഷങ്ങളിൽ, ഞാൻ പോയിടത്തെല്ലാം ജനത്തോടു പറഞ്ഞത് ആരും നിങ്ങളെ ഉപദേശിക്കേണ്ട ആവശ്യമില്ല എന്നാണ്. ഞാൻ പറഞ്ഞു, "നിങ്ങളിൽ ജീവനുള്ളതുകൊണ്ടും ജീവന് ഉപദേശത്തിന്റെ

ആവശ്യമില്ലാതതത്തതുകൊണ്ടും നിങ്ങൾക്ക് ഉപദേശത്തിന്റെ ആവശ്യമില്ല." നിങ്ങളെ ആരാണ് ശ്വസിക്കുവാൻ പഠിപ്പിച്ചത്, എന്നോടു പറയൂ. നിങ്ങൾ ഒരു ശ്വസന സ്കൂളിൽ പോകുകയും അതിൽനിന്നും ബിരുദമെടുക്കുകയും ചെയ്തിട്ടുണ്ടോ? ഒരു അമ്മയും തന്റെ മക്കളെ ശ്വസിക്കുവാൻ പഠിപ്പിക്കുന്നില്ല, കാരണം ശ്വസിക്കുന്നത് ജീവന്റെ ഒരു കാര്യമാണ്. ഇതേ രീതിയിൽ, ആപ്പിൾ കായ്ക്കുവാൻ ആരും ഒരു ആപ്പിൾവൃക്ഷത്തോട് നിർദ്ദേശിക്കുന്നില്ല. കാരണം ആപ്പിൾ ഉല്പാദിപ്പിക്കുക എന്നത് ഒരു ആപ്പിൾവൃക്ഷത്തിന്റെ പ്രവർത്തനമാണ്. ആപ്പിൾവൃക്ഷം പ്രവർത്തിക്കുമ്പോൾ ആപ്പിളുകൾ ഉല്പാദിപ്പിക്കുന്നു. ഈ രാജ്യത്തിൽ ഞാനുണ്ടായിരുന്ന ആദ്യത്തെ രണ്ടു വർഷങ്ങളിൽ ഞാൻ പോയിടത്തെല്ലാം തങ്ങളുടെ ഉപദേശങ്ങളെ വിട്ടുകളയണമെന്നും ജീവനെ പ്രവർത്തിക്കുവാൻ അനുവദിക്കണമെന്നും ജനത്തോടു പറയുവാൻ ഞാൻ ഭാരപ്പെടുത്തപ്പെട്ടിരുന്നു. ഒരു വ്യത്യാസവും കൂടാതെ എല്ലാ സ്ഥലങ്ങളിലും ഞാൻ തിരസ്കരിക്കപ്പെട്ടു. "സഹോദരൻ ലീ, നമുക്ക് യാതൊരു ഉപദേശത്തിന്റെയും ആവശ്യമില്ലെന്ന് താങ്കളുടെ ദൂതിൽ താങ്കൾ പറഞ്ഞു. ഉപദേശം എന്ന പദം തിരുവെഴുത്തുകളിൽ ഇല്ലേ?" എന്നു പറഞ്ഞുകൊണ്ട് അനേകർ തങ്ങളുടെ വേദപുസ്തകവുമായി എന്റെ അടുക്കൽ വന്നു. ഞാൻ അവരുമായി തർക്കിക്കാൻ പോയില്ല. ഞാൻ പറഞ്ഞു, "ഉപദേശത്തെ നിങ്ങൾ ഇഷ്ടപ്പെടുന്നുവെങ്കിൽ, നിങ്ങൾ അത് എടുത്തുകൊള്ളുക. എന്നാൽ ഞാൻ ഉപദേശം ഇഷ്ടപ്പെടുന്നില്ല, ഞാൻ ജീവനെ ഇഷ്ടപ്പെടുന്നു. എനിക്ക് ജീവൻ ഉള്ളതിനാലും, ആ ജീവൻ എന്റെ ഉള്ളിൽ വളരുന്നതിനാലും കർത്താവിന് സ്തോത്രം. നിങ്ങൾ ഉപദേശം ഇഷ്ടപ്പെടുന്നെങ്കിൽ ചത്ത അക്ഷരങ്ങളുടെ അടുക്കൽ പോകുക." ചില സ്ഥലങ്ങളിൽ ഞാൻ ധൈര്യപൂർവം ജനത്തോടു പറഞ്ഞു, "നിങ്ങൾ വാതിലിലുള്ള ഒരു ആണിപോലെ മരിച്ചവരാണ്. ഉപദേശങ്ങൾ നിങ്ങളെ കൊന്നിരിക്കുന്നു. ഉപദേശങ്ങളാൽ വക്കോളം നിങ്ങൾ നിറഞ്ഞിരിക്കുന്നതുകൊണ്ട്, നിങ്ങൾ മരിച്ചവരാണ്."

## ഒരു പ്രമാണം അനേകം പ്രമാണങ്ങളായിത്തീരുന്നു

ക്രിസ്തു നമ്മിലുണ്ടെന്ന് നാം കണ്ടു. ഈ ക്രിസ്തു ജീവന് സമമാണ്, ഈ ജീവന് അതിന്റെ ജീവപ്രമാണമുണ്ട്. അങ്ങനെ, നമ്മുടെ ഉള്ളിൽ നമുക്ക് ക്രിസ്തുവും ജീവനും പ്രമാണവും ഉണ്ട്. നമ്മുടെ ആത്മാവിൽ വസിക്കുന്ന ക്രിസ്തു തന്നെയാണ് ജീവൻ, ഈ ജീവന് ഒരു പ്രമാണമുണ്ട്. യിരെമ്യാവ് 31:33-ൽ കർത്താവു പറയുന്നു, "ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ആന്തരിക ഭാഗങ്ങളിൽ വയ്ക്കുകയും അതിനെ അവരുടെ ഹൃദയങ്ങളിൽ എഴുതുകയും ചെയ്യും." എന്നാൽ യിരെമ്യാവ് 31:33-ന്റെ ഒരു ഉദ്ധരണിയായ എബ്രായർ 8:10 പറയുന്നു, "ഞാൻ എന്റെ പ്രമാണങ്ങളെ അവരുടെ

മനസ്സിലേക്കു പകരും, അവരുടെ ഹൃദയങ്ങളിന്മേൽ ഞാൻ അവയെ കൊത്തിവയ്ക്കും." യിരെമ്യാവ് 31:33-ലെ ന്യായപ്രമാണം എബ്രായർ 8:10-ൽ പ്രമാണങ്ങളായിത്തീരുന്നു എന്നതു ശ്രദ്ധിക്കുക. കൂടാതെ, മനസ്സ് ആന്തരിക ഭാഗങ്ങളിൽ ഒന്നാണെന്നു സൂചിപ്പിച്ചുകൊണ്ട് 8:10-ൽ ആന്തരികഭാഗങ്ങൾക്കു പകരം മനസ്സ് എന്ന പദം ഉപയോഗിച്ചിരിക്കുന്നു. ആന്തരിക ഭാഗങ്ങളിൽ കുറഞ്ഞപക്ഷം മനസ്സും വികാരവും ഇച്ഛയും ഉൾപ്പെടുന്നു. ഈ മാറ്റങ്ങൾക്കുള്ള കാരണമെന്താണ്? ദൈവം തന്റെ പ്രമാണം അഥവാ പ്രമാണങ്ങൾ ഒന്നുകിൽ നമ്മുടെ ആന്തരിക ഭാഗങ്ങളിലേക്ക് അല്ലെങ്കിൽ നമ്മുടെ മനസ്സുകളിലേക്ക് പകർന്നുനൽകുകയും, അവന്റെ പ്രമാണം അഥവാ പ്രമാണങ്ങൾ നമ്മുടെ ഹൃദയത്തിന്മേൽ കൊത്തിവയ്ക്കുകയും ചെയ്യുന്നുവെന്ന് യിരെമ്യാവ് 31:33-ഉം എബ്രായർ 8:10-ഉം പറയുന്നു. മനസ്സും വികാരവും ഇച്ഛയും മനഃസാക്ഷിയും ചേരുന്നതാണ് ഹൃദയം. ദൈവം തന്റെ പ്രമാണങ്ങൾ നമ്മുടെ ഹൃദയങ്ങളിലേക്കു പകരുമെന്നും നമ്മുടെ മനസ്സിന്മേൽ കൊത്തിവയ്ക്കുമെന്നും എബ്രായർ 8:10 പറയുന്നില്ല. ഇല്ല, അതു പറയുന്നത് ദൈവം തന്റെ പ്രമാണങ്ങൾ മനസ്സിലേക്കു പകരുമെന്നും അവയെ നമ്മുടെ ഹൃദയങ്ങളിന്മേൽ കൊത്തിവയ്ക്കുമെന്നുമാണ്. ഇത് അർഥമാക്കുന്നത് ക്രിസ്തു ആദ്യം നമ്മുടെ ആത്മാവിലേക്കു വന്നു എന്നാണ്. ഈ ക്രിസ്തുവാണ് നമ്മുടെ മനസ്സിലേക്കു വ്യാപിക്കേണ്ട പ്രമാണം. നമ്മുടെ മനസ്സിലേക്കുള്ള ഉൾവസിക്കുന്ന പ്രമാണത്തിന്റെ വ്യാപനമാണ് നമ്മുടെ ആന്തരിക ഭാഗങ്ങളിലേക്കുള്ള ഈ പ്രമാണത്തിന്റെ പകരൽ. ഈ പ്രമാണം നമ്മുടെ വികാരത്തിലേക്കും ഇച്ഛയിലേക്കും വ്യാപിക്കണം. നമ്മുടെ ആന്തരിക ഭാഗങ്ങളിലേക്കു വ്യാപിക്കുന്നതിലൂടെ ഒരു പ്രമാണം നിരവധി പ്രമാണങ്ങളായിത്തീരുന്നു. ഈ പ്രമാണത്തിന് നാം അവസരം നൽകുമ്പോഴെല്ലാം അത് നമ്മുടെ ഉള്ളിൽ വ്യാപിക്കും. ഈ വ്യാപനം പകർച്ചയും, പകർച്ച കൊത്തിവയ്ക്കലുമാണ്. അങ്ങനെ, കർത്താവ് നമ്മുടെ ആന്തരിക ഭാഗങ്ങളിലേക്ക് തന്റെ പ്രമാണത്തെ പകരുകയും, അതിനെ നമ്മുടെ ഹൃദയങ്ങളിലേക്ക് കൊത്തിവയ്ക്കുകയും ചെയ്യുന്നു. കർത്താവ് വ്യാപിക്കുകയും, പകരുകയും, കൊത്തിവയ്ക്കുകയും ചെയ്യുന്നത് തുടരുമ്പോൾ ക്രിസ്തുവിന്റെ സ്വരൂപം നമ്മുടെ ദേഹിയിൽ ആവിഷ്കരിക്കപ്പെടുകയും, നാം ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ സ്വരൂപത്തോട് അനുരൂപപ്പെടുകയും ചെയ്യും.

## രൂപാന്തരപ്പെടുകയും ആദ്യജാതനായ പുത്രന്റ സ്വരൂപത്തോട് അനുരൂപപ്പെടുകയും ചെയ്യുന്നതിനുള്ള മാർഗം

നാം ദൈവപുത്രനെപ്പോലെയാണോ എന്ന്

ചോദിക്കുമ്പോഴെല്ലാം എന്ത് ഉത്തരം നൽകണമെന്ന് ഇപ്പോൾ നാം അറിയുന്നു. നാം പറയണം, "ദൈവപുത്രൻ എന്റെ ആത്മാവിലുണ്ട്. എന്നാൽ എന്റെ മനസ്സും, വികാരവും, ഇച്ഛയും ദൈവപുത്രന്റെ സ്വരൂപത്തോട് അനുരൂപപ്പെട്ടിട്ടില്ല. എന്റെ മനസ്സും വികാരവും ഇച്ഛയും തന്റെ സ്വരൂപത്തോട് അനുരൂപപ്പെട്ടിട്ടില്ലെങ്കിലും, ഞാൻ അനുരൂപപ്പെടലിന്റെ പ്രക്രിയയിൻകീഴിൽ ആയതിനാൽ ദൈവത്തിന് സ്തോത്രം ചെയ്യുന്നു. നിസ്തുലമായ പ്രമാണം എന്റെ മനസ്സിലേക്കു വ്യാപിക്കുമ്പോൾ, എന്റെ മനസ്സ് രൂപാന്തരപ്പെടുകയും അവന്റെ സ്വരൂപത്തോട് അനുരൂപപ്പെടുകയും ചെയ്യുകൊണ്ടിരിക്കുന്നു. എന്റെ മനസ്സിലേക്ക് അവൻ വ്യാപിച്ചതിനുശേഷം എന്റെ മനസ്സ് അവന്റേതു പോലെതന്നെയാകും. അതുപോലെ, എന്റെ വികാരത്തെയും ഇച്ഛയെയും അവന്റേതു പോലെയാക്കിക്കൊണ്ട് എന്റെ വികാരത്തിലേക്കും ഇച്ഛയിലേക്കും അവൻ വ്യാപിക്കും. ഒടുവിൽ, എന്റെ മുഴുവൻ ആളത്തവും അവന്റേതു പോലെതന്നെ ആയിരിക്കും. ഈ രീതിയിൽ ഞാൻ ദൈവത്തിന്റെ സ്വരൂപമാകും."

ഒരിക്കൽ നമുക്ക് ഈ ദർശനം ലഭിച്ചുകഴിഞ്ഞാൽ, മതപരമായ ഉപദേശങ്ങളെ നാം വെറുക്കും. ഇതു ചെയ്യണം, അതു ചെയ്യരുത് എന്നൊന്നും എന്നെ പഠിപ്പിക്കരുത്. അങ്ങനെയുള്ള ഉപദേശങ്ങൾക്കുവേണ്ടി ഞാൻ കരുതുന്നില്ല. എന്റെ മനസ്സിലേക്കും വികാരത്തിലേക്കും ഇച്ഛയിലേക്കും വ്യാപിക്കാനുള്ള അവസരത്തിനുവേണ്ടി കാത്തുകൊണ്ട് ദൈവത്തിന്റെ ആദ്യജാതനായ പുത്രൻ എന്റെ ആത്മാവിലുണ്ടെന്നുമാത്രം എനിക്കറിയാം. യാതൊന്നും ചെയ്യാൻ ശ്രമിക്കാതെ വീണ്ടും വീണ്ടും എനിക്ക് അവനുവേണ്ടി തുറന്നുകൊടുക്കണം. ഞാൻ എന്നെത്തന്നെ തുറക്കുകയും, "കർത്താവായ യേശുവേ, എന്റെ മനസ്സിലേക്കും വികാരത്തിലേക്കും ഇച്ഛയിലേക്കും നിന്നെത്തന്നെ വ്യാപിപ്പിക്കേണമേ. കർത്താവേ, നിസ്തുലമായ പ്രമാണം എന്റെ സകല ആന്തരിക ഭാഗങ്ങളിലും നിരവധി പ്രമാണങ്ങളായിത്തീരുവാൻ ഇടയാക്കേണമേ. എന്റെ ആളത്തത്തിന്റെ ഓരോ ഭാഗവും സ്വന്തമാക്കുവോളം നീ എന്നിൽ വ്യാപിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സ്നേഹിക്കാനോ, വെറുക്കാനോ എന്തെങ്കിലും ചെയ്യാനോ ഞാൻ ആഗ്രഹിക്കുന്നില്ല. നിന്നെത്തന്നെ എന്നിലേക്കു വ്യാപിപ്പിക്കണമെന്നു മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ" എന്നു പറയുകയും ചെയ്യുന്നു. ഈ രീതിയിൽ നാം രൂപാന്തരപ്പെടുകയും ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ സ്വരൂപത്തോട് അനുരൂപപ്പെടുകയും ചെയ്യും. ഇതാണ് ദൈവത്തിന്റെ പ്രവൃത്തി, ഇന്ന് നമ്മിൽ അവൻ ചെയ്യുകൊണ്ടിരിക്കുന്ന പ്രവൃത്തി. ഇത് മതത്തിൽനിന്നും തികച്ചും വ്യത്യസ്തമാണ്, ഇത് ജീവന്റെ പ്രവൃത്തിയാണ്. ഈ ജീവൻ നമ്മെ നിയന്ത്രിക്കുകയും, നമ്മെ ഭരിക്കുകയും, നമ്മുടെ ആന്തരിക ആളത്തത്തിന്റെ

ഓരോ ഭാഗത്തിലേക്കും അവനെത്തന്നെ വ്യാപിപ്പിക്കുകയും ചെയ്യുകൊണ്ട് നമ്മിൽ പ്രവർത്തിക്കുന്ന പ്രമാണത്തോടുകൂടെയുള്ള ക്രിസ്തു തന്നെയാണ്.

നാം ഈ ദർശനം എത്രമാത്രം കാണുകയും മതപരമായ ഏതു ധാരണയിൽനിന്നും നമ്മെത്തന്നെ ഒഴിക്കേണ്ടതുമാണ്. ഉപദേശങ്ങളെ വിട്ടുകളയുവാനും എന്റെ ജീവനായും എന്റെ ആളത്തത്തിലേക്ക് അവനെത്തന്നെ വ്യാപിപ്പിക്കുന്ന നിസ്തുല പ്രമാണമായും ജീവനുള്ള ക്രിസ്തുവിനെ സ്നേഹിക്കുകമാത്രം ചെയ്യുവാനും ഞാൻ ആഗ്രഹിക്കുന്നു. സ്നേഹിക്കുന്നതും വെറുക്കുന്നതും, നല്ലതോ ചീത്തയോ ആയിരിക്കുന്നതിനും ഞാൻ കരുതുന്നില്ല. മതപരമായ യാതൊന്നിനും വേണ്ടി ഞാൻ കരുതുന്നില്ല. എന്റെ ആത്മാവിലെ ജീവനുള്ള ക്രിസ്തുവിനെ മാത്രമേ ഞാൻ കരുതുന്നുള്ളൂ. അവൻ നമ്മുടെ ആത്മാവിൽ ഉള്ളതിനായി അവനെ സ്തുതിക്കുന്നു! അവൻതന്നെ നമ്മുടെ ആളത്തത്തിന്റെ മൂലകമായിത്തീരുവാൻ ഇടയാക്കിക്കൊണ്ട്, തന്റെ ദിവ്യമൂലകം നമ്മുടെ ആളത്തത്തെ സാന്ദ്രീകരിക്കേണ്ടതിന്, അവൻ ഇപ്പോൾ നമ്മുടെ മനസ്സിലേക്കും വികാരത്തിലേക്കും ഇച്ഛയിലേക്കും പ്രവേശിക്കുവാനുള്ള അവസരത്തിനായി കാത്തുനിൽക്കുന്നു. ഈ രീതിയിൽ അവൻ നമ്മെ അവനെപ്പോലെയാക്കുന്നു. വേണമെങ്കിൽ അവൻ നമ്മെ അവനാക്കുന്നു എന്നും നമുക്കു പറയാം. ഇതാണ ജീവപ്രമാണത്തിന്റെ പ്രവർത്തനം. ഇതാണ് ദൈവത്തിന്റെ വ്യവസ്ഥ, വേദപുസ്തകത്തിലെ ദിവ്യവെളിപാടിന്റെ അടിസ്ഥാന ആശയം. നാം ഈ ദർശനം കാണേണ്ടതിന് കർത്താവിന് നമ്മുടെമേൽ കരുണ ഉണ്ടാകട്ടെ.

## ക്രിസ്തു നമ്മിൽ വ്യാപിക്കാനുള്ള മാർഗം

എങ്ങനെ ഈ ക്രിസ്തുവിന് നമ്മുടെ ഉള്ളിൽ വ്യാപിപ്പിക്കുവാൻ കഴിയും? മറഞ്ഞിരിക്കുന്ന മന്നയായി അവനെ ഭക്ഷിക്കുന്നതിലൂടെ മാത്രം. നാം ഭക്ഷിക്കുന്ന മറഞ്ഞിരിക്കുന്ന മന്ന നമ്മിൽ തളിർക്കുന്ന മൂലകമായിത്തീരും. ഈ മൂലകം നമ്മുടെ ഏറ്റവും ഉള്ളിലുള്ള ആളത്തത്തിൽ നിന്നും പുറത്തേക്ക് തളിർക്കുമ്പോൾ, അത് നമ്മുടെ മനസ്സിലേക്കും മനസ്സിലൂടെയും തളിർക്കും. ഇത് നാമെല്ലാവരും അവന്റെ ജീവനുള്ള ആവിഷ്കാരമായിത്തീരേണ്ടതിന് നമ്മെ രൂപാന്തരപ്പെടുത്താനും ക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപപ്പെടുത്താനുമുള്ള ജീവപ്രമാണത്തിന്റെ പ്രവർത്തനമാണ്.